P3/19932/2019/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 29.06.2019

**<u>പരിപത്രം</u>**

വിഷയം:- വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -2019-20 - Jeevani Center for Wellbeing –എന്ന പദ്ധതിയുടെ ഭാഗമായി സർക്കാർ കോളേജുകളിൽ Psychology Apprentice ഉദ്യോഗാർത്ഥികളെ താല്ക്കാലികമായി നിയോഗി ക്കുന്നത് സംബന്ധിച്ച്

സൂചന :- 1) 2019-20 ബജറ്റ് വകയിരുത്തൽ
2)14.06.2019 ലെ കോളേജ് വിദ്യാഭ്യസ ഡയറക്ടറുടെ ചേമ്പറിൽ നടന്ന മീറ്റിംഗിന്റെ മിനുട്സ്
3)15.06.2019 ലെ സർക്കാർ ഉത്തരവ് നമ്പർ G.O(Rt)978/2019/H.Edn

*********

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്ങ്ങൾ നേരിടുന്നതിനായുള്ള മാർഗനിർദേശങ്ങൾ യഥാസമയം നല്കുന്നതിനുമായി 2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് "Jeevani - College Mental Health Awareness Programme". സൂചന സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതി നടത്തിപ്പിനായുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട് . ടി പദ്ധതിയുടെ നടത്തിപ്പിനായി താഴേ പറയുന്ന മാർഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

1. ജീവനി സെന്ററുകളുടെ ചുമതലക്കായി ഒരു അദ്ധ്യാപകനെ/ അദ്ധ്യാപികയെ കോഓർഡിനേറ്ററായി പ്രിൻസിപ്പൽ നിയമിക്കേണ്ടതാണ് . psychology ഡിപ്പാർട്മെന്റുള്ള സർക്കാർ കോളേജുകളിൽ , psychology ഡിപ്പാർട്മെന്റ് ഇതിന് നേതൃതവും നൽകേണ്ടതാണ്.
2. കോളേജ് തലത്തിൽ പ്രിൻസിപ്പാൾ ചെയർമാൻ ആയി , പി.ടി.എ പ്രസിഡന്റ് , സമീപപ്രദേശത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ വിദഗ്ധർ, ടീച്ചർ ഇൻ ചാർജ് ഓഫ് ജീവനി , ഓഫീസ് representative എന്നിവർ അടങ്ങിയ കമ്മിറ്റി കോളേജ് തലത്തിൽ രൂപീകരിക്കേണ്ടതാണ്.
3. കോളേജ് ലൈബ്രറിയോടു ചേർന്ന് "Jeevani- Centre for students Wellbeing" സെന്റർ എന്ന പേരിൽ ഒരു മുറി ക്രമീകരിക്കേണ്ടതാണ്. ഇവിടെ അത്യാവശ്യ ഫർണിച്ചർ മുതലായവ ഉണ്ടെന്ന് ഉറപ്പുവരുത്താണ്ടതാണ് .
4. 2019-20 സാമ്പത്തിക വർഷം കോളേജുകളിലെ പ്രസ്തുത സെന്ററുകളിൽ Psychology യിൽ ബിരുദാനധര ബിരുദധാരികളെ പ്രതിമാസം 16,000 രൂപ നിരക്കിൽ 2020 മാർച്ച് 31 വരെ അപ്പറന്റിഷിപ്പിൽനിയോഗി ക്കാവുന്നതാണ്
5. കോളേജ് പ്രിൻസിപ്പാൾ , സബ്ജെക്ട് എക്സ്പേർട്ട് , ജീവനി കോളേജ് കോഓർഡിനേറ്റർ എന്നിവർ ഉൾപ്പെടുന്ന അഭിമുഖ പാനൽ രൂപീകരിച്ച് നേരിട്ടുള്ള അഭിമുഖം (via wide publicity ) നടത്തിതാല്ക്കാലികമായിPsychologyapprenticeനെപ്രതിമാസം16000 രൂപാപ്രകാരംഒരുകോളേജിൽഒരാൾഎന്ന പ്രകാ രം നിയോഗിക്കാവുന്നതാണ് .
6. റെഗുലർ പഠനത്തിലൂടെ Psychology യിൽ ബിരുദാനധര ബിരുദമുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ apprentice ആയി പരിഗണിക്കുവാൻ പാടുള്ളൂ. Clinical Psychology,പ്രവർത്തി പരിചയം തുടങ്ങിയവ അഭിലഷണീയ യോഗ്യതയായി കണക്കാക്കാവുന്നതാണ്.

7. തെരഞ്ഞെടുക്കുന്ന Psychology apprentice ന്റെ സേവനം കോളേജ് സമയം പൂർണമായും ഉപയോഗപ്പെടുത്തേണ്ടതാണ്
8. താല്ക്കാലികമായി നിയോഗിച്ച തിയ്യതി മുതൽ 2020 മാർച്ച് 31 വരെ ആയിരിക്കും Psychology apprentice സേവന കാലാവധി . 200 രൂപയുടെ മുദ്രപത്രത്തിൽ വ്യവസ്ഥാപിത കരാർ ഒപ്പുവെച്ചതിന് ശേഷം മാത്രമേ apprenticeന്റെ നിയോഗിക്കു വാൻ പാടുള്ളൂ.
9. 2202-03-103-51(P) എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്ന് Psychology apprenticeനായുള്ള വേതനം അനുവദിക്കുന്നതാണ്.

# Approval Valid

Digitally Approved By
ജയശ്രീ എം.എ
Date: 29.06.2019
Reason: Approved

ഒപ്പ് /-
**ജയശ്രീ എം.എ**
സീനിയർ ഫിനാൻസ് ഓഫീസർ